**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3194 03.04.2013-ൽ മറുപടിയ്ക്ക്

**<u>പ്രസ്സ് മാന്വൽ പരിഷ്കരണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. എം. എ. വാഹീദ്** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടി വകുപ്പിലെ പ്രസ്സ് മാന്വൽ പരിഷ്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) പ്രസ്സ് മാന്വൽ പരിഷ്കരിക്കുന്നതിന് ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിനെ ചുമതലപ്പെടുത്തിക്കൊണ്ട് 28.06.2010-ലെ G.O.(Rt)1262/10/H.Edn പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഗവൺമെന്റ് പ്രസ്സിൽ 2011-12 ലെ ബജറ്റ് വിഹിതം ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗ ശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ബി) ഇല്ല |
| (സി) ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ കേരള ഗസറ്റ് വിതരണം ചെയ്യാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) 2012-ലെ ഗസറ്റുകൾ കെട്ടിക്കിടക്കുന്നുണ്ട്. കേരള ഗസറ്റിന് ആർ.എൻ.ഐ രജിസ്ട്രേഷൻ ബാധകമാക്കിയതിനെത്തുടർന്ന് ടി രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള കാലതാമസംമൂലം തപാൽമുഖേന കൺസെഷൻ റേറ്റിൽ ഗസറ്റുകൾ അയയ്ക്കാൻ സാധിച്ചില്ല. ഇപ്പോൾ ആയവ ജില്ലാഫോറം സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ